"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - യൂണിഫോം, ട്രൈസ്കൂട്ടർ എന്നിവ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കുന്നതിന് ഭരണാനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1093/2024/TAXES തീയതി,തിരുവനന്തപുരം, 07-12-2024

---

പരാമർശം:- 1. 25.01.2023 തീയതിയിലെ സ.ഉ(സാധാ)നം.69/2023-നികുതി സർക്കാർ ഉത്തരവ്

2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ 24.07.2024 തീയതിയിലെ LWHO/11/2024-E1 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് രണ്ടുകോടി ഇതുപത് ലക്ഷം രൂപയും, ട്രൈ-സ്കൂട്ടർ വിതരണം ചെയ്യുന്നതിന് മൂന്നുകോടി രണ്ടുലക്ഷത്തി നാല്പതിനായിരം രൂപയും ചേർത്ത് ആകെ ₹5,22,40,000/- (അഞ്ചുകോടി ഇരുപത്തിരണ്ട് ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) ബോർഡിന്റെ ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു.

2. 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായി ബോർഡിന് വകയിരുത്തിയിട്ടുള്ള 53.36 കോടി രൂപയിൽ നിന്നും ട്രൈസ്കൂട്ടർ, യൂണിഫോം എന്നിവ വിതരണം ചെയ്യുന്നതിനായി ₹4,55,75,000/- (നാലു കോടി അൻപത്തിയഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യൂണിഫോം, ട്രൈസ്കൂട്ടർ എന്നിവ വാങ്ങുന്നതിനുള്ള ചെലവുകൾക്കായി 2075-00-103-96-00-10-00-N-V എന്ന ശീർഷകത്തിൽനിന്ന് നടപ്പ് സാമ്പത്തിക വർഷത്തിൽ (2024-25) 455 ലക്ഷം രൂപ

ചെലവിടുന്നതിന് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പാക്കാരുടെയും ക്ഷേമനിധി ബോർഡിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ആവശ്യത്തിനായി തുക അനുവദിക്കുന്നതിനായി, ഓണം ബോണസ് വിതരണത്തിനായി അനുവദിച്ച തുകയുടെ വിതരണം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ശേഷിക്കുന്ന തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുവാൻ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നല്കുന്നു. കൂടാതെ, ബോർഡിനായി നീക്കിവച്ചിരിക്കുന്ന ബജറ്റ് വിഹിതത്തേക്കാൾ അധികമായ തുക നടപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതല്ലെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ അറിയിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ഹെഡ് ഓഫീസ്, തിരുവനന്തപുരം
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (01.11.2024 ലെ EXP-B1/456/2024-FIN പ്രകാരം)
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/226/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 07-12-2024 17:25:15
സെക്ഷൻ ഓഫീസർ